പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1392 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഐ.എ.വൈ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ വിവിധ ബ്ലോക്കുകളിലായി എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഐ.എ.വൈ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 2,489 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 510 വീടുകൾ പട്ടികജാതി വിഭാഗങ്ങൾക്കും 802 വീടുകൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 1,177 വീടുകൾ പൊതുവിഭാഗങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകളുടെ സർക്കാർ വിഹിതം എത്ര; ഇതിൽ ഇതുവരെ നൽകിയ തുക എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത വീടുകൾക്കായി സംസ്ഥാന സർക്കാർ വിഹിതവും അധിക സംസ്ഥാന വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ പട്ടികജാതി വിഭാഗങ്ങൾക്ക് 13.16 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 24.71 കോടി രൂപയും പൊതുവിഭാഗങ്ങൾക്ക് 18.6 കോടി രൂപയും ആണ്. ഇതിൽ 21.248 കോടി രൂപ നാളിതുവരെ കാസർഗോഡ് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പണം യഥാസമയം നൽകാത്തതിനാൽ വീട് പൂർത്തിയാക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാന വിഹിതം യഥാസമയം കാസർഗോഡ് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പണം ലഭിക്കാത്തത് മൂലം വീട് പൂർത്തിയാക്കാൻ കഴിയാത്ത പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ വീട് പൂർത്തീകരിക്കുന്നതിനുള്ള തുക എത്രയുംവേഗം നൽകുമോയെന്ന് വിശദമാക്കുമോ? | (ഡി) | വീട് പൂർത്തീകരിക്കുന്നതിനുള്ള തുക ഗഡുക്കളായി ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ